## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 938 30.06.2015 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.എ.അഹമ്മദ് കബീർ :** | **ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ക്ഷേമനിധി ബോർഡുകളുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) ഇപ്പോൾ സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച് വരുന്നു. |

| | |
|---|---|
| 1 | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് |
| 2 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 3 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 4 | കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ് |
| 5 | കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 6 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 7 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 8 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| 9 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് |

| | |
|---|---|
| 10 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 11 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 12 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 13 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 14 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 15 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 16 | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് |

(ബി) ഇവയിൽ എത്ര ബോർഡുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും ഓരോ ക്ഷേമനിധി ബോർഡിനും എത്ര വീതം ആസ്തിയുണ്ടെന്നും വ്യക്ത മാക്കാമോ?

(ബി) തൊഴിലാളി ക്ഷേമം മുൻ നിർത്തിയാണ് തൊഴിലാളി നിയമങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. ക്ഷേമനിധി ബോർഡുകൾ വിവിധ തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപന ങ്ങളാണ്. ലാഭം തിട്ടപ്പെടുത്തുന്നത് ക്ഷേമനിധി നിയമങ്ങളുടെ ഉദ്ദേശ ലക്ഷ്യത്തിൽ ഉൾപ്പെടുന്നതല്ല. ആയതി നാൽ ക്ഷേമനിധി ബോർഡുകളുടെ ലാഭം തിട്ടപ്പെടുത്തിയിട്ടില്ല.

തൊഴിലാളി തൊഴിലുടമാ അംശാദായവും, സർക്കാർ ഗ്രാന്റും ഉപയോഗിച്ചാണ് മിക്ക ക്ഷേമനിധി ബോർഡുകളും പ്രവർത്തിക്കുന്നത്. മേൽ തുകയിൽ നിന്നും അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുകയും, റിട്ടയറാ- കുമ്പോൾ പലിശയുൾപ്പെടെ തൊഴിലാളി കൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. ഇതിൽ

നിന്നും ആവശ്യമായ തുക മാത്രമാണ് ഭരണചെലവുകൾക്കായി വിനിയോഗിക്കുന്നത്.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ബോർഡുകൾ താഴെ പറയുന്നവയാണ്:

1. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

2.കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

3.കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്

4.കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

5.കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്

6.കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

ഓരോ ക്ഷേമനിധി ബോർഡിന്റെയും ആസ്തി വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

Deepa

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**